**റൂളിംഗ്**

മി. സ്പീക്കർ : ഓർഡർ... ഓർഡർ....

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 205 (ബി) പ്രകാരം സഭാ സമിതികളുടെ റിപ്പോർട്ടിൽ വിഷയമായിരുന്ന പൊതുപ്രാധാന്യമുള്ള സംഗതിയിന്മേൽ ചർച്ച ചെയ്യുന്നതിന് ആഴ്ചയിൽ ഒരു ദിവസം ഒരു മണിക്കൂർ നീക്കിവയ്ക്കാവുന്നതാണ്. എന്നാൽ ഈ അവസരം വേണ്ടത്ര ഉപയോഗപ്പെടുത്താൻ കഴിഞ്ഞ കാലങ്ങളിൽ നമുക്ക് കഴിയാതിരുന്നത് സംബന്ധിച്ചാണ് ഡോ. എം. കെ. മുനീർ ക്രമപ്രശ്നത്തിലൂടെ ഇവിടെ ഉന്നയിച്ചത്. ഇക്കാര്യത്തിനായി നോട്ടീസ് നൽകിയിരുന്ന ബഹുമാനപ്പെട്ട അംഗം ശ്രീമതി യു. പ്രതിഭയും വിഷയത്തിന്റെ പ്രാധാന്യം സംബന്ധിച്ച് ഇവിടെ വിശദീകരിക്കുകയുണ്ടായി. ഇത്തരം ചർച്ചകൾ സഭയിൽ നടക്കേണ്ടത് സംബന്ധിച്ച സർക്കാർ നിലപാട് ബഹുമാനപ്പെട്ട പാർലമെന്ററികാര്യ വകുപ്പുമന്ത്രി ശ്രീ. കെ. രാധാകൃഷ്ണൻ വിശദീകരിച്ചു. സർക്കാരിന് ഇക്കാര്യത്തിൽ അനുകൂല നിലപാടാണുള്ളതെന്ന് അറിയുന്നത് തികച്ചും സന്തോഷകരമായ കാര്യമാണ്. നമ്മുടെ സഭയുടെ നടപടിക്രമങ്ങളിൽ കാലികമായ മാറ്റങ്ങൾ ശിപാർശ ചെയ്യുന്നതിനായി പന്ത്രണ്ടാം കേരള നിയമസഭയിൽ 2009-ൽ രൂപീകരിക്കപ്പെട്ട അഡ്ഹോക്

സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിലാണ് സമിതി റിപ്പോർട്ടുകൾ സഭയിൽ ചർച്ച ചെയ്യുന്നതിനായി സഭാ നടപടി ചട്ടങ്ങളിൽ ഒരു പുതിയ വ്യവസ്ഥ ചട്ടം 205 (ബി) ആയി കൂട്ടിച്ചേർക്കപ്പെട്ടത്. എന്നാൽ നിർഭാഗ്യകരമെന്ന് പറയട്ടെ, പുതിയ വ്യവസ്ഥ നിലവിൽ വന്നെങ്കിലും കഴിഞ്ഞ പത്തുപന്ത്രണ്ട് വർഷത്തിനിടയിൽ കേവലം രണ്ട് റിപ്പോർട്ടുകൾ മാത്രമേ സഭയിൽ ചർച്ച ചെയ്യാൻ അവസരം ലഭിച്ചിട്ടുള്ളൂ. സഭാ ദിനങ്ങളുടെ എണ്ണം പരിമിതപ്പെട്ടതും സഭയിൽ നിർവ്വഹിക്കപ്പെടേണ്ട ഗവൺമെന്റ് ബിസിനസ്സുകൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടിവരികയും ചെയ്യുന്ന സാഹചര്യത്തിലാണ് ഇക്കാര്യത്തിനായി വേണ്ടത്ര സമയം കണ്ടെത്താൻ കഴിയാതെ വരുന്നതെന്ന് കാണാവുന്നതാണ്. ഇക്കാര്യത്തിൽ കൂടുതൽ സമയം ലഭ്യമാകത്തക്ക വിധത്തിൽ ഇനി വരുന്ന സഭാ സമ്മേളനങ്ങളുടെ കാര്യപരിപാടികൾ ക്രമപ്പെടുത്താൻ യോജിപ്പോടുകൂടിയുള്ള ഒരു നീക്കം ഉണ്ടാകേണ്ടതുണ്ട്. അതിനായി പരിശ്രമിക്കാമെന്നാണ് ചെയറിന് ഇക്കാര്യത്തെക്കുറിച്ച് പറയാനുള്ളത്.